DESPATCHED
ON 27/06/2020
16.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 212*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *1470/എസ്.ഐ.സി-ജി 6/15*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജോർജ്ജ് കുര്യൻ,
കൊച്ചു പുത്തൻപുരയിൽ,
വീയപുരം പി.ഒ., ആലപ്പുഴ ജില്ല. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   വീയപുരം ഗ്രാമപഞ്ചായത്ത് കാര്യാലയം,
   പായിപ്പാട് പി.ഒ., ആലപ്പുഴ,
   പിൻ – 690 514.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   ആലപ്പുഴ.

} എതിർകക്ഷികൾ

## ഉത്തരവ്

2015ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ ഏകദേശം 25 വർഷങ്ങൾക്കു മുമ്പുള്ള വസ്തു നികുതി സംബന്ധിച്ച പല രജിസ്റ്ററുകളും നശിച്ചുപോയിട്ടുള്ളതിനാലാണ് ലഭ്യമല്ല എന്ന മറുപടി നൽകേണ്ടിവന്നതെന്നും ടിയാന്റെ അപ്പീലിന്മേൽ അപ്പീൽ അധികാരിയുടെ

ഉത്തരവു പ്രകാരം ഒരിക്കൽ കൂടി ടിയാന് വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019ൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)